# സി.ഡി.ബി. നാഫെഡ് സ്റ്റാളിൽ നീര വില്പനയ്ക്ക്

കൊച്ചി: ജില്ലയിലെ നാളികേര ഉത്പാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്തിട്ടുള്ള തിരു കൊച്ചി നാളികേര ഉത്പാദക കമ്പനി വിപണിയിലിറക്കിയ 'പ്രീമിയം നീര' നാളികേര വികസന ബോർഡിൻെറ ആസ്ഥാനത്തെ സി.ഡി.ബി. നാഫെഡ് സ്റ്റാളിൽ ലഭ്യമാണ്. 200 മി.ലി. നീരയ്ക്ക് 35 രൂപയാണ് വില. ഉത്പന്നങ്ങളായ പാനി, സിറപ്പ്, ഹണി, കേക്ക് എന്നിവയും കമ്പനി വിപണിയിലിറക്കും.

എസ്.സി.എം.എസുമായി സഹകരിച്ച് കമ്പനിയുടെ പ്ലാൻറ് സജ്ജമാകുന്നതുവരെ എസ്.സി.എം.എസ്. പ്ലാൻറിലാണ് നീര സംസ്കരിക്കുന്നത്.